

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

8-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024 സെപ്തംബർ 22

**ഏലിയാ സ്ലീവ മൂശെ അഞ്ചാം ഞായർ**



# മായാത്ത മഴവില്ലുകൾ

**ഉത്പ 9:8–17; ദാനി 7:9–14; 1 കോറി 1:18–25; മത്താ 24:29–36**

ഏതാണ്ട് എൺപത്, തൊണ്ണൂറ് കാലഘട്ടത്തിലാണ്, ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത്, കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും പലപ്പോഴും ചർച്ചാവിഷയമായിരുന്ന ഒരു കാര്യമാണ് യേശുവിന്റെ രണ്ടാം വരവ്. രണ്ടായിരാമാണ്ട് തികയുന്നതോടെ സൂര്യൻ ഇരുണ്ടു പോകുമെന്നും നക്ഷത്രങ്ങൾ പൊട്ടിച്ചിതറുമെന്നും ലോകം അവസാനിക്കുമെന്നും യേശു വാനമേഘങ്ങളിൽ ആഗതനാകുമെന്നും അക്കാലത്ത് പലരും പറഞ്ഞ് കേട്ടിട്ടുണ്ട്. ചിലർ പറഞ്ഞ കാര്യങ്ങൾ അതിലേറെ രസകരമാണ്. തിരുഹൃദയ രൂപത്തിൽ യേശു രണ്ടു വിരലുകൾ ചേർത്തു പിടിച്ചിരിക്കുന്നത് രണ്ടായിരം വർഷത്തെ സൂചിപ്പിക്കാനാണത്രേ!

ഇത്തരം വിശ്വാസങ്ങളുടെയെല്ലാം ഉറവിടം എവിടെ നിന്നാണെന്ന് എനിക്ക് അറിഞ്ഞുകൂട. എങ്കിലും രണ്ടായിരാമാണ്ടും കഴിഞ്ഞു, പിന്നെയും ഒരു കാൽനൂറ്റാണ്ടും കഴിയാറായി. ഇതു വരെ പ്രത്യേകിച്ച് ഒന്നും സംഭവിച്ചിട്ടില്ല എന്ന് നമുക്കറിയാം. ഇനിയും പുതിയ വ്യാഖ്യാനങ്ങൾ എവിടെയോ ആരൊക്കെയോ ചമയ്ക്കുന്നുണ്ടാവാം, ഭാവനയിൽ! എംപറർ ഇമ്മാനുവേൽ പോലെ, ലോകാവസാനത്തെ കുറിച്ചുള്ള മനുഷ്യന്റെ ആശങ്കകളെ ചൂഷണം ചെയ്തു ജീവിക്കുന്ന പല മതവിഭാഗങ്ങളുള്ള ഭൂമിയാണിത്. യേശുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള വ്യാഖ്യാനങ്ങളും ഊഹങ്ങളും ഇന്നും ഇന്നലെയും തുടങ്ങിയതല്ല, ആദ്യനൂറ്റാണ്ട് മുതലേ അതുണ്ട്. അത് തുടരുകയും ചെയ്യും.

## സൂചനകൾ ഒരുക്കത്തെ കുറിച്ചാണ്

ഇതെല്ലാം സംഭവിക്കുന്നതു വരെ ഈ തലമുറ കടന്നു പോകുകയില്ല എന്ന സുവിശേഷ വാക്യമാകാം ഇത്തരമൊരു ഊഹത്തിന് കാരണമായത്. യോഹന്നാനെ ചൂണ്ടി 'ഇവന്റെ കാര്യം എന്ത്?' എന്ന് പത്രോസ്



**ബോബി ജോർജ്ജ്**

ചോദിക്കുമ്പോൾ, 'ഞാൻ വരുന്നതു വരെ ഇവൻ ജീവിച്ചിരിക്കണം എന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്?' എന്ന് യേശു പത്രോസിന് മറുപടി കൊടുക്കുമ്പോൾ യോഹന്നാൻ മരിക്കുകയില്ല എന്നൊരു ശ്രുതി തന്നെ നിലവിൽ വന്നു എന്ന് സുവിശേഷം തന്നെ പറയുന്നു. എന്നാൽ യോഹന്നാൻ എന്നേ മരിച്ചു പോയി. അപ്പോൾ യേശു ഉദ്ദേശിച്ചത് അതായിരുന്നില്ല എന്ന് വ്യക്തം. ഇതു പോലെയാണ് 'ഈ തലമുറ കടന്നു പോകുകയില്ല' എന്ന വാക്യവും. അത് വെറുതേ ഊഹാപോഹങ്ങൾക്കുള്ളതല്ല; സ്വർഗത്തിലെ ദൂതന്മാർക്കോ പുത്രനു പോലുമോ അറിയാത്ത ആ സമയത്തെ കുറിച്ച് നാമെന്തിന് തല പുകയ്ക്കണം?

ഒന്ന് ചിന്തിച്ചു നോക്കൂ. യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് നമ്മൾ ശരിക്കും ഇത്ര ആകുലപ്പെടേണ്ട കാര്യമുണ്ടോ? പലരും രണ്ടാം വരവിന് കൊടുക്കുന്ന അമിതപ്രാധാന്യം എന്നെ ആശ്ചര്യപ്പെടു ത്തുന്നു. ഇതിനെ കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഡോമിനിക് സാവിയോ പറഞ്ഞ മറുപടിയാണ് എനിക്ക് ഓർമ വരുന്നത്. ഒരിക്കൽ ഡോൺ ബോസ്കോ, അദ്ദേഹം പരിപാലിച്ചിരുന്ന ഡോമിനിക്ക് സാവിയോ അട ക്കമുള്ള കുട്ടികളോട്, അവർ കളിച്ചു കൊണ്ടിരിക്കേ ചോദിച്ചത്രേ: 'അടുത്ത നിമിഷം നിങ്ങൾ മരിക്കും എന്ന് മുന്നറിയിപ്പ് കിട്ടിയാൽ നി ങ്ങൾ എന്തു ചെയ്യും?' ഓരോ കുട്ടിയും പേടിയോടെ പല ഉത്തരങ്ങൾ പറഞ്ഞു. ചിലർ കുമ്പസാരിക്കാൻ ഓടും. ചിലർ ചാപ്പലിലേക്ക് ഓടും. ചിലർ മാതാപിതാക്കളെ കാണാൻ പോകും. എന്നാൽ അക്ഷോഭ്യ നായി നിന്ന ഡോമിനിക്ക് സാവിയോ മറുപടി പറഞ്ഞത് ഇങ്ങനെ യാണ്: 'ഞാൻ കളിച്ചു കൊണ്ടിരിക്കും!' എപ്പോഴും ഒരുക്കത്തോടെ ജീവിക്കുന്നവൻ എന്തിനാണ് മരണത്തെ ഭയപ്പെടുന്നത്?

വാസ്തവത്തിൽ യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് ആലോ ചിച്ച് തല പുകയ്ക്കുകയും സ്വയം പേടിക്കുകയും മറ്റുള്ളവരെ പേടി കൊണ്ടു നിറയ്ക്കുകയും ചെയ്യുന്ന മനുഷ്യർ യേശുവിന്റെ സുവിശേഷ ത്തിന്റെ കാതൽ ഗ്രഹിക്കാത്തവരാണ്. എപ്പോഴും ഒരുങ്ങിയിരിക്കുക എന്നു മാത്രമേ യേശു ഉദ്ദേശിച്ചിട്ടുള്ളൂ. ഈ സുവിശേഷഭാഗത്തെ തുടർന്നു വരുന്ന ഭാഗങ്ങൾ വായിച്ചാൽ ഇക്കാര്യം വ്യക്തമാകും.

## അയ്യരുടെ സൂര്യാസ്തമയം

'അയ്യർ ദ ഗ്രേറ്റ്' എന്നൊരു പഴയ മലയാള ചലച്ചിത്രമുണ്ട്. ഭാവി പ്രവചിക്കാൻ കഴിവുള്ളയാളാണ് നായകനായ സൂര്യനാരായണ അയ്യർ. അയാളുടെ പല പ്രവചനങ്ങളും സത്യമായി ഭവിക്കുന്നതു കണ്ട് മാധ്യമങ്ങളും നാട്ടുകാരും അയാളുടെ വാക്കുകൾ ഗൗരവമായി എടുക്കുന്നു. സിനിമയുടെ അവസാനം അയാൾ ഒരു പ്രവചനം നടത്തുന്നു. 'ഇന്ന് ഉച്ചയ്ക്ക് മൂന്നു മണിക്ക് സൂര്യൻ അസ്തമിക്കും!'

ഭരണകൂടവും ഭരണകർത്താക്കളും മാധ്യമങ്ങളും നാട്ടുകാരും അത് കേട്ട് അങ്കലാപ്പിലാകുന്നു. പകൽ തീരും മുമ്പേ സൂര്യൻ അസ്തമിക്കുന്നത് പ്രതിരോധിക്കാനുള്ള മാർഗങ്ങളാരായുകയാണ് പലരും. എന്നാൽ അയാൾ പറഞ്ഞ ദിവസം, കൃത്യം മൂന്നു മണിക്ക് സൂര്യനാ രായണ അയ്യർ വെടിയേറ്റു മരിക്കുന്നു! അയാളുടെ പേര് സൂര്യ എന്നായിരുന്നുവല്ലോ!

രണ്ടാം വരവിനെ കുറിച്ചുള്ള പലരുടെയും പേടികളും ആധികളും കാണുമ്പോൾ സൂര്യനാരായണ അയ്യരെയാണ് ഓർമ വരുന്നത്. ഒരാൾ മരിക്കുമ്പോൾ അയാളെ സംബന്ധിച്ച് സൂര്യൻ അസ്തമിക്കുന്നു. പരേ തനെ സംബന്ധിച്ച് പിന്നെ ഈ ലോകം അപ്രസക്തമാണ്. പുത്രനു പോലും അറിയാത്ത, ആ രണ്ടാം വരവിനെ കുറിച്ചോർത്ത് സമയവും ജീവിതവും പാഴാക്കാതെ സ്വന്തം മരണത്തിനു വേണ്ടിയല്ലേ നാം ഒരുങ്ങേണ്ടത്? അതല്ലേ, നമ്മെ സംബന്ധിച്ച് ലോകാവസാനം?

## മനസ്സിലൊരു മഴവില്ല്

ഇന്നത്തെ ആദ്യ വായന പറയുന്നത് പ്രളയാനന്തരം ദൈവം ആകാശത്തിൽ ഉയർത്തിയ മഴവില്ലിനെ കുറിച്ചാണ്. ഇന്നത്തെ സുവിശേഷവും ഉത്പത്തിയിലെ വായനയും ചേർത്തു വായിക്കു മ്പോൾ ഭയത്തിന്റെയും ആകുലതയുടെയും കാർമേഘം മൂടിയ മാനത്ത് പ്രത്യാശ മഴവില്ല് പോലെ പൂക്കുന്നത് കാണാം. ശിക്ഷയുടെ ദിന ങ്ങൾക്ക് വിരാമമിട്ടു കൊണ്ട് ദൈവം സ്ഥാപിച്ച ഉടമ്പടി. ഈ മഴവില്ല് ക്രിസ്തു തന്നെയാണ്. രക്ഷയുടെ മഴവില്ല്. പ്രത്യാശയുടെ ഇന്ദ്രധ നുസ്സ്! പിന്നെയും പിന്നെയും നമ്മളെന്തിന് നോഹ പറത്തി വിട്ട കാക്കയെ പോലെ വിഷാദാത്മകവും ഇരുണ്ടതുമായ കാര്യങ്ങളിലേക്ക് മനസ്സിനെ താഴ്ത്തുന്നു? എന്തിന് ഭീതിയിലേക്ക് കൂപ്പു കുത്തുന്നു? ക്രിസ്തുവാകുന്ന ആ മഴവില്ലിൽ മിഴി ഉറപ്പിച്ചു നിർത്തിയവർ എന്തിന് ഭീതിദമായ ദിനങ്ങളെ ഭയക്കുന്നു?

ചില മനുഷ്യർ തങ്ങളുടെ മനസ്സ് നിറക്കുന്നത് ദൈവത്തെ കൊണ്ടല്ല, സാത്താനെ കൊണ്ടാണ്. പ്രാർത്ഥനക്കാർ എന്ന് പറഞ്ഞു നടക്കുന്ന ചിലരെ കണ്ടിട്ടുണ്ട്. അവർക്ക് എല്ലാത്തിനെയും ഭയമാണ്. ഇവിടെ ശാപം, അവിടെ ബന്ധനം! അത് തൊട്ടാൽ അശുദ്ധം. അത് പിശാചാണ്. ഇത് പിശാചാണ്...! ഇങ്ങനെ ഒരു നൂറായിരം കൂട്ടം ഭീതികൾ! സത്യത്തിൽ ഇവരുടെ പ്രശ്നം ഇവർക്ക് ദൈവാശ്രയ മില്ലാത്തതാണ്. ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ച് എന്തെങ്കിലും ബോധ്യം അവർക്കു കിട്ടിയിട്ടുണ്ടോ എന്ന് ഞാൻ ശരിക്കും സംശയിക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്ന് യേശു പറഞ്ഞത് ബ്രഹ്മചര്യത്തെയും കന്യാത്വത്തെയും കുറിച്ച് മാത്രമാണെന്ന് ധരിക്കരുത്. അത് എല്ലായിടത്തും ദൈവത്തെ കാണാനുള്ള ഹൃദയ ത്തിന്റെ പ്രകാശമാണ്. എല്ലായിടത്തും ദൈവത്തിന്റെ മഴവില്ല് കാണാൻ കഴിവുള്ളവന് എന്തു ബന്ധനം? എന്തു ശാപം?

ലോകാവസാനം പോലും അയാളെ ഭയപ്പെടുത്തുകയില്ല. കാര ണം, അയാൾ എപ്പോഴും ദൈവത്തിന്റെ കരങ്ങളിലായിരിക്കുകയും ദൈവത്തെ കാണുകയും ചെയ്യുന്നുണ്ടല്ലോ. അമ്മയുടെ കരങ്ങളിലിരി ക്കുന്ന കുഞ്ഞിനെ പോലെ അയാൾ

പ്രശാന്തമായിരിക്കും. കാറ്റും കോളും വരട്ടെ, സൂര്യൻ ഇരുണ്ടു പോകട്ടെ. എന്റെ സൂര്യനായ ദൈവം എന്റെ ഉള്ളിലാണ്. എന്റെ ഹൃദയാകാശത്ത് രക്ഷകനായ ക്രിസ്തു മഴവില്ലഴകായ് വിടർന്നു നിൽക്കുന്നുണ്ട്! ഇതാണ് യഥാർത്ഥ വിശ്വാസി കളുടെ മനോഭാവം. ഈ മനോഭാവമാണ് ജീവിതത്തിന്റെ ചെങ്കടലു കൾ കടക്കാൻ ഒരാൾക്ക് ധൈര്യം നൽകുന്നത്. അഗ്നികുണ്ഠത്തിനു നടുവിൽ സുഖകരമായ തണുപ്പായ് നിറഞ്ഞതും ഇതു തന്നെ. സിംഹ ക്കൂട്ടിലേക്ക് നടന്നു പോയ രക്തസാക്ഷികളുടെ ശക്തിയും ധൈര്യവും ഈ ആശ്രയബോധ മായിരുന്നു. എപ്പോഴും ആ മഴവില്ലഴകിൽ ഏഴ് നിറങ്ങളുടെ പറുദീസയിൽ. എത്ര ധന്യമായ ജീവിതം!

## അഭയം അനശ്വര വചനത്തിൽ

മഴവില്ല് ഒരു വാഗ്ദാനമാണ്. ആ മഴവില്ല് കാണുമ്പോഴെല്ലാം ദൈവം തന്റെ ഉടമ്പടി ഓർമിക്കും. ഏത് ഉടമ്പടി? ക്രിസ്തുവിന്റെ ബലി യിലൂടെ മനുഷ്യവംശത്തോട് ചെയ്ത ഉടമ്പടി. ഈ മഴവില്ല് എല്ലാ കാലത്തും, ലോകാവസാനം വരെ മനുഷ്യചരിത്രത്തിന്റെ ആകാശത്ത് അങ്ങനെ തെളിഞ്ഞു നിൽപ്പുണ്ട്. കൊറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് പറയുന്നതു പോലെ 'രക്ഷയിലൂടെ ചരി ക്കുന്നവർക്ക് ദൈവത്തിന്റെ ശക്തിയായ' ക്രിസ്തുവിന്റെ കുരിശാണ് ആ മഴവില്ല്! അതു കാണുമ്പോഴൊക്കെ നമ്മളും ഓർക്കണം, ദൈവം നമ്മുടെ മേൽ ചൊരിഞ്ഞ കാരുണ്യത്തിന്റെ അടയാളമാണത് എന്ന്. ഏത് ഘോരാന്ധകാരത്തിലും പ്രത്യാശക്കു വകയുണ്ടെന്ന്.

ആകാശവും ഭൂമിയും കടന്നു പോകും, എന്നാൽ എന്റെ വാക്കുകൾ കടന്നു പോകുകയില്ല എന്ന



പ്രസിദ്ധമായ വാക്യം വരുന്നത് ഈ വചനഭാഗത്താണ്. ആകാശവും ഭൂമിയും കടന്നു പോകുന്ന കാര്യം പറഞ്ഞ് ഒരു കൊടുങ്കാറ്റിനെ അഴിച്ചു വിട്ടിട്ട് യേശു തന്റെ വചനം കൊണ്ടൊരു മഴവില്ല് നമ്മുടെ മനസ്സിൽ സ്ഥാപിക്കുകയാണ്. യേശു വിന്റെ വചനം എന്താണ്? ഭയപ്പെടേണ്ട, ലോകാവസാനം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും എന്നതാണത്. കടന്നു പോകാത്ത ഈ വാക്യത്തിൽ വിശ്വസിക്കുന്നുവെങ്കിൽ പിന്നെ എന്തിനാണ് ലോകാ വസാനത്തെ കുറിച്ച് ഭയപ്പെടുന്നത്? ലോകവും അതിന്റെ അവസാന വും അതിന്റെ വഴിക്കു നടക്കട്ടേ. നമുക്ക് കടന്നു പോകാത്ത അനശ്വര മായ ആ വാക്കുകളിൽ അഭയം തേടാം. ആ വാക്കുകൾ നമ്മെ നിത്യ തയുടെ തീരത്ത് സുരക്ഷിതമായി എത്തിക്കും!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com